പ്രസരണ വിതരണ വണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി RAPDRP, KPIS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു :

1. 11. കെ.വി. ലൈൻ നിർമ്മാണം.

2. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ.

3. പഴകിയ 11 കെ.വി ലൈൻ മാറ്റി പുതിയവ സ്ഥാപിക്കൽ.

4. വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

5. പുതിയ എൽ.റ്റി ലൈൻ വലിക്കൽ.

6. പഴയ എൽ.റ്റി ലൈൻ മാറ്റി പുതിയവ വലിക്കൽ.

7. കേടായ/പഴയ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പുരോഗതിയും അവയുടെ സമയബന്ധിത പൂർത്തീകരണവും കൃത്യമായി വിലയിരുത്തി നടപടി സ്വീകരിക്കുന്നു.

വൈദ്യുതി മേഖലയുടെ ആധുനികവത്ക്കരണം

20 (5824) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയിലെ സേവനങ്ങളുടെ ആധുനികവത്ക്കരണത്തിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ;

(ബി) ഇതുവഴി ഉപഭോക്താക്കൾക്ക് എന്തെല്ലാം സൗകര്യമാണ് ലഭിച്ചത് ;

(സി) നേട്ടങ്ങൾ കൈവരിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി മേഖലയിലെ സേവനങ്ങളുടെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് :

1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായ ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്വർക്കിംഗ്, വിതരണന മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.
2. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവത്ക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.
3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
4. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കി.
5. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്ററിവഴി നൽകിവരുന്നു.
6. ഇ-ടെണ്ടർ സംവിധാനം മുഖേന 25 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്.
7. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു. തുടക്കമെന്ന നിലയിൽ ചീഫ് എഞ്ചിനീയർ ട്രാൻസ്മിഷൻ (നോർത്ത്), കോഴിക്കോട് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സംവിധാനംവഴി ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുള്ള സേവനം ലഭ്യമാണ്. കെ.എസ്.ഇ.ബി.എൽ. പുതുതായി ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനംവഴി നൽകിവരുന്നു.

1267/18

കെ.എസ്.ഇ.ബി.എൽ-ന്റെ ഔദ്യോഗിക വെബ്സൈറ്റായ WWW.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും വിസ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതിബോർഡ് ചെയർമാൻ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചു ചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനും വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുവാനുമായി 50,000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ ആർ.എ.പി.ഡി.ആർ.പി. പദ്ധതി മുഖേന വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കാൻവേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പാർട്ട്-എ യുടെ ഭാഗമായുള്ള സ്മാർട്ട് ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സ്വകാര്യ വൈദ്യുതി നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി

21 (5825) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിഗിരി ജലവൈദ്യുത നിലയത്തിന്റെ തകരാറിന്റെ പേരിൽ സ്വകാര്യ വൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ യൂണിറ്റ് ഒന്നിന് എത്ര രൂപ വച്ചാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly